**കൈത്താ രണ്ടാം ഞായർ**
**യോഹ. 15:1-8**

## ക്രിസ്തുവിലുള്ള സഹവാസം

**ഫാ. വർഗീസ് തൊട്ടിയിൽ**

എല്ലാ ഉപമകൾക്കും രൂപകങ്ങൾക്കും അതിന്റേതായ അപൂർണതകളുണ്ട്. എങ്കിലും ചില കാര്യങ്ങളെ ലളിതമായി വിശദീകരിക്കാൻ അത്തരം അലങ്കാരങ്ങള ആവശ്യമാണുതാനും. മനുഷ്യസാധാരണമായ ഒരു താരതമ്യവിശകലനം നമുക്കു നോക്കാം. പലതരത്തിലും ബലഹീനനായ ഒരു മനുഷ്യൻ. വളരെ പെട്ടെന്ന് അയാൾ പ്രലോഭനങ്ങൾക്ക് അടിപ്പെട്ടുപോകുന്നു. അയാളുടെ മനസ്സും ഹൃദയവും അത്രമേൽ ദുർബലമായതിനാൽ തന്നെ, അയാൾക്കുണ്ടാകുന്ന വീഴചകൾ അയാളെ നിരാശയിലേക്കും ആശയക്കുഴപ്പങ്ങളിലേക്കും നയിക്കുന്നുണ്ട്. എന്നാൽ അങ്ങനെയുള്ള ഒരാൾക്ക്, നിശ്ചയദാർഢ്യവും ആത്മവിശ്വാസവും അത്രമേൽ ആത്മസംയമനവുമുള്ള നല്ലൊരു സുഹൃത്ത് ഉണ്ടെന്നു കരുതുക. ഈ സുഹൃത്താണ് പല ആപത്ഘട്ടങ്ങളിലും അയാൾക്ക് തുണയായിട്ടുള്ളതും വീഴ്ചകളിൽനിന്ന് കരകയറ്റിയിട്ടുള്ളതും. ആദ്യം പറഞ്ഞ വ്യക്തിയെ സംബന്ധിച്ചിടത്തോളം രക്ഷപെടാനുള്ള ഏകവഴി ഈ സുഹൃത്തുമായി നിരന്തരം സമ്പർക്കത്തിലായിരിക്കുക എന്നുള്ളതാണ്. ആ സമ്പർക്കം നിലച്ചാൽ അയാൾ പ്രലോഭനങ്ങളിൽ കുടുങ്ങുകയും അധഃപതിക്കുകയും ചെയ്യും. എന്നു പറഞ്ഞാൽ അയാളുടെ രക്ഷ, സമാധാനം നിലകൊള്ളുന്നത് മേൽപ്പറഞ്ഞ സുഹൃത്തുമായുള്ള നിരന്തരം സമ്പർക്കത്തിലും സഹവാസത്തിലുമാണ്.

നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും (യോഹ 15:4). ക്രിസ്തുവിൽ വസിക്കുക എന്നു പറഞ്ഞാൽ മേൽപ്പറഞ്ഞ ബന്ധത്തിനു തുല്യമാണ്. ക്രിസ്തുവിന്റെ സജീവതയുടെയും സത്കർമ്മത്തിന്റെയും നിദാനം പിതാവുമായുള്ള സഹവാസമാണ്. നമ്മുടെ സജീവതയുടെയും ചൈതന്യത്തിന്റെയും സ്രോതസ്സ് ക്രിസ്തുവുമായുള്ള അഭേദ്യമായുള്ള ബന്ധമാണ്. നല്ല ഒരു സുഹൃത്തിന്റെ കൂടെയായിരിക്കുന്നതു കണക്കെ ക്രിസ്തുവിനോടുകൂടി ആയിരിക്കുക; പ്രാർത്ഥനയിലൂടെ, ധ്യാനത്തിലൂടെ, മൗനത്തിലൂടെ, വിശുദ്ധ ഗ്രന്ഥപാരായണത്തിലൂടെയൊക്കെ ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ നൈരന്തര്യമാണ്, ഫലം പുറപ്പെടുവിക്കുന്ന ഒരു ജീവിതത്തിന്റെ അടിസ്ഥാനം.

ഒരു മുന്തിരിച്ചെടിയെ സംബന്ധിച്ചിടത്തോളം ഫലം ചൂടുന്നത് ശാഖകളിലാണ്. എന്നാൽ മുന്തിരിച്ചെടിയോട് ചേർന്നിരുന്നില്ലെങ്കിൽ ഒരു ശാഖയ്ക്കും ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. ക്രിസ്തുവാകുന്ന മുന്തിരിച്ചെടിയിൽ ചേർന്നുനിൽക്കുന്ന ശാഖ കൂടുതൽ ഫലം പുറപ്പെടുവിക്കും.

എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ 15:50). പഴയനിയമത്തിലെ സാവൂളും സാംസണുമൊക്കെ ദൈവത്തെ കൂടാതെ ചില കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ച് അമ്പേ പരാജയപ്പെട്ടവരാണ്. എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും (ഫിലി 4:13) എന്ന് പൗലോസ് ശ്ലീഹാ ഉദ്ഘോഷിക്കുന്നത് അതുകൊണ്ടാണ്. കർത്താവായ യേശുവിന്റെ കൂടെയായിരുന്ന്, വിശുദ്ധിയിൽ ജീവിച്ച് അവനോട് ചേർന്നുനിന്ന് കൂടുതൽ ഫലം പുറപ്പെടുവിക്കത്തക്കവിധം ശ്രേഷ്ഠതയാർന്ന ജീവിതം നയിക്കാൻ നമുക്കു പരിശ്രമിക്കാം.

ഉരുക്കീടുന്നു മിഴിനീരിലിട്ടു-
മുക്കുന്നു മുറ്റും ഭൂവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയേതോ
പണിത്തരത്തിനുപയുക്തമാക്കാൻ

കണ്ണുനീർത്തുള്ളി എന്ന വിലാപകാവ്യത്തിലെ ഈ വരികൾ ജീവിതത്തിന്റെ അനിഷേധ്യമായ ഒരു യാഥാർത്ഥ്യത്തെയാണ് വിളിച്ചോതുന്നത്. സ്വർണത്തെ ഒരു പണിത്തരത്തിനുപയോഗിക്കത്തക്ക രീതിയിൽ രൂപപ്പെടുത്തണമെങ്കിൽ, അത് അഗ്നിയിൽ ശോധന ചെയ്യപ്പെടണം. ഫലം തരുന്നതിനെ അവിടുന്ന് കൂടുതൽ കായ്ക്കാനായി വെട്ടിയൊരുക്കുകയും ചെയ്യുന്നു (യോഹ 15:2). വെട്ടിയൊരുക്കൽ ഏതൊരു ചെടിക്കും അത്യന്തം വേദനാജനകം തന്നെയാണ്. എന്നാൽ അത്തരത്തിലൊരു പ്രക്രിയയിലൂടെ കടന്നുപോകുന്നില്ലെങ്കിൽ അവ കൂടുതൽ കായ്ക്കില്ല. ഫലം നൽകുന്ന ഒരു ചെടിയാണെന്നറിയുമ്പോൾ വെട്ടിയൊരുക്കൽ പ്രക്രിയ കൃത്യമായി നടത്തുന്നു, തോട്ടക്കാരൻ.

അതുകൊണ്ടാണ് പത്രോസ് ശ്ലീഹാ പറയുന്നത്, പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത് (1 പത്രോ 4:12). പരിഭ്രമിക്കാതെ വിശ്വാസപൂർവം ക്ഷമാപൂർവം വെട്ടിയൊരുക്കലിനു വിധേയപ്പെടുമ്പോൾ അത് ഉപരിനന്മയ്ക്കു കാരണമായിത്തീരുന്നു. ഈ ഉപരിനന്മയെക്കുറിച്ചാണ് യാക്കോബ് ശ്ലീഹാ പ്രതിപാദിക്കുന്നത്; പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ, തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും (യാക്കോ 1:12). ഈ പ്രത്യാശയോടെ മുന്നേറുന്നവനാണ് യഥാർത്ഥ വിശ്വാസി.

ആയതിനാൽ ക്രിസ്തുവാരുന്ന തായ്തണ്ടിനോട്, മുന്തിരിച്ചെടിയോട് ചേർന്ന് സഹവസിച്ച് കൃഷിക്കാരനായ പിതാവിന്റെ വെട്ടിയൊരുക്കൽ പ്രക്രിയയെ നന്മയായി തിരിച്ചറിഞ്ഞ് വിശ്വാസജീവിതത്തെ ശ്രേഷ്ഠമായ ഫലങ്ങൾ നൽകുന്ന സാക്ഷ്യജീവിതമായി പരിവർത്തിപ്പിക്കാൻ പരിശ്രമിക്കാം.